REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-01-2026 സമയം 12.30 M

## പ്രധാന വാർത്തകൾ

- **പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് നാളെ തുടക്കമാകും.**
- **കേരള കുംഭമേള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുനാവായയിൽ ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാനത്തെ ആദ്യ 'വർക്ക് നിയർ ഹോം' പൈലറ്റ് കേന്ദ്രം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.**
- **മന്ത്രി സജി ചെറിയാന്റെ വിവാദ പ്രസ്താവന ജനങ്ങളെ ഭിന്നിപ്പിക്കാൻ ലക്ഷ്യമിട്ടാണെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ.**
- **ശബരിമലയിൽ മകരവിളക്ക്കാല തീർഥാടന ദർശനത്തിന് ഇന്ന് സമാപനം.**

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് നാളെ തുടക്കമാകും. ഈ ഗവൺമെന്റിന്റെ കാലത്തെ അവസാന സഭാ സമ്മേളനമാണ് നാളെ ചേരുന്നത്. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനം ആരംഭിക്കും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.....

.......(വോയ്സ് ) ........

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ സംസ്ഥാനത്തെ കരട് വോട്ടർപട്ടികയിൽ പരാതികളും അവകാശ വാദങ്ങളും ഉന്നയിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 30 വരെ സമയം അനുവദിച്ചു. സമയ പരിധി ഈ മാസം 22-ന് അസാനിക്കാനിരിക്കെയാണ് കമ്മീഷൻ നടപടി.

സമയ പരിധി നീട്ടണമെന്ന സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നൽകിയ അപേക്ഷയും, വിഷയത്തിലെ സുപ്രീം കോടതി നിർദ്ദേശവും കണക്കിലെടുത്താണ് തീയതി നീട്ടിയത്. ഗുജറാത്ത്, തമിഴ്നാട് എന്നിവിടങ്ങളിലെ സമയ പരിധിയും ഈ മാസം 30 വരെ നീട്ടിയിട്ടുണ്ട്.

✪✪✪

കേരള കുംഭമേളയ്ക്ക് തിരുനാവായ നിളാ തീരത്ത് തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധ്വജാരോഹണം നടത്തി, മേള ഉദ്ഘാടനം ചെയ്തു.

മാഘ മഹോത്സവത്തിലെ ആദ്യ സ്നാനം മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജിന്റെ നേതൃത്വത്തിൽ നാവാമുകുന്ദക്ഷേത്ര സ്നാനഘട്ടിൽ വേദ, മന്ത്ര, വാദ്യ, ജപ ഘോഷങ്ങളുടെ അകമ്പടിയോടെ നടന്നു.

✪✪✪

സംസ്ഥാനത്തെ ആദ്യ ‘വർക്ക് നിയർ ഹോം’ പൈലറ്റ് കേന്ദ്രം ഇന്ന് കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. മന്ത്രി K.N ബാലഗോപാൽ അധ്യക്ഷനായിരിക്കും.

സ്റ്റാർട്ടപ്പുകൾ അടക്കം സംരംഭങ്ങൾക്കും, വിദൂരമായി ഇരുന്ന് ജോലികൾ ഏറ്റെടുത്ത് ചെയ്യുന്ന തൊഴിലിടങ്ങളുടെ ശൃംഖല കേരളത്തിലാകെ സ്ഥാപിക്കുകയാണ് കെ - ഡിസ്കിന്റെ നേതൃത്വത്തിൽ വർക്ക് നിയർ ഹോം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

മന്ത്രി സജി ചെറിയാന്റെ വിവാദ പ്രസ്താവന വിദ്വേഷപരവും, ജനങ്ങളെ ഭിന്നിപ്പിക്കാൻ ലക്ഷ്യമിട്ടുമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഇത് മുഖ്യമന്ത്രിയുടെ അറിവോടെയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. തദ്ദേശ തിരഞ്ഞെടുപ്പിൽ ജയിച്ചു വന്നവരുടെ ജാതിയും മതവും സംബന്ധിച്ച പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

വരുംതലമുറയോട് കാണിക്കുന്ന കൊടിയ ക്രൂരതയാണ് മതത്തിന്റെ പേരിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുന്നതിലൂടെ ഉണ്ടാകുന്നത്. പിണറായിയും VD

സതീശനും ഒക്കെ ഇല്ലാതായാലും, കേരളം നിലനിൽക്കണമെന്ന രാഷ്ട്രീയബോധമാണ് വേണ്ടതെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

KPCC യുടെ നേതൃത്വത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 15,000 ത്തിലധികം കോൺഗ്രസ് പ്രതിനിധികൾ പങ്കെടുക്കുന്ന മഹാ പഞ്ചായത്ത് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. വിവിധ ജില്ലകളിലെ പ്രതിനിധികൾ മറൈൻ ഡ്രൈവിലെത്തിക്കൊണ്ടിരിക്കുകയാണ്. രാഹുൽഗാന്ധി ഒരു മണിയോടെ കൊച്ചി വിമാനത്താവളത്തിലെത്തും. പ്രൊഫ. M ലീലാവതിയ്ക്ക് വീട്ടിലെത്തി പ്രിയദർശിനി പുരസ്കാരം സമ്മാനിച്ച ശേഷമാണ് രാഹുൽ ഗാന്ധി മഹാ പഞ്ചായത്തിനെത്തുക.

ഇന്നത്തെ സമ്മേളനത്തോടെ കോൺഗ്രസ് നേതൃത്വം നിയമസഭാ തിരഞ്ഞെടുപ്പിന്റെ സ്ഥാനാർത്ഥി നിർണയ ചർച്ചകളിലേക്കും പ്രചാരണ പ്രവർത്തനങ്ങളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കും. അടുത്ത മാസം പ്രതിപക്ഷ നേതാവ് VD സതീശന്റെ നേതൃത്വത്തിൽ കാസർകോട്ട് നിന്ന് ആരംഭിക്കുന്ന 'പുതുയുഗ യാത്ര' യുടെ സംഘാടനത്തിന്റെ തീരുമാനങ്ങളിലേക്കും പാർട്ടി കടക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജാഥ, പര്യടനം നടത്തും.

✪✪✪

സംസ്ഥാന വനിതാ കമ്മീഷന്റെ 'പറന്നുയരാം കരുത്തോടെ" കാമ്പയിൻ മന്ത്രി വീണാ ജോർജ് ഉച്ചകഴിഞ്ഞ് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ഉദ്ഘാടനം ചെയ്യും. ജീവിത പ്രതിസന്ധികൾ തരണം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കാനും, മനക്കരുത്ത് വർദ്ധിപ്പിക്കാനുമാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

✪✪✪

വികസിത് ഭാരത് G RAM G നിയമത്തിനെതിരെ നിലപാടെടുക്കുന്ന കോൺഗ്രസ്, രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ആരോപിച്ചു. രാജ്യത്തെ ഗ്രാമീണ കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽദിനങ്ങളിൽ 125 ദിവസത്തെ വേതനം ഉറപ്പു നൽകുന്നതാണ് നിയമമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നരേന്ദ്രമോദി ഗവൺമെന്റിന്റെ കീഴിൽ 25 കോടി പേരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞെന്നും ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ ദുരന്ത നിവാരണ സേന സ്ഥാപക ദിനം. പ്രതിസന്ധി ഘട്ടങ്ങളിൽ പ്രൊഫഷണലിസവും ദൃഢനിശ്ചയവും ഉയർത്തിപ്പിടിക്കുന്ന സേനാംഗങ്ങൾക്ക് രാജ്യം അഭിനന്ദനം അറിയിക്കുന്നതായി നരേന്ദ്രമോദി സാമൂഹിക മാധ്യമ കുറിപ്പിൽ അറിയിച്ചു.

ദുരന്തം ഉണ്ടാകുമ്പോൾ, ജീവൻ സംരക്ഷിക്കാനും, ആശ്വാസം നൽകാനും, ഏറ്റവും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ പ്രത്യാശ പുനഃസ്ഥാപിക്കാനും NDRF ഉദ്യോഗസ്ഥർ അക്ഷീണം പ്രവർത്തിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഉദ്യോഗസ്ഥരുടെ കഴിവുകളും ചുമതലാ ബോധവും ഉയർന്ന നിലവാരത്തിന് ഉദാഹരണമാണെന്ന് നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ഗാസയിൽ സുസ്ഥിര സമാധാനം കൊണ്ടുവരാൻ വേണ്ടി പ്രവർത്തിക്കുന്ന സമാധാനബോർഡിൽ അംഗമാകാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ക്ഷണിച്ചു. ട്രംപ് പ്രധാനമന്ത്രിക്ക് അയച്ച കത്ത് ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി സെർജിയോ ഗോർ സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ചു.

✪✪✪

2030 ഓടെ ഇന്ത്യയിലെ പ്രതിശീർഷവരുമാനം നാലായിരം ഡോളറിലേക്കെത്തുമെന്ന് SBI ഗവേഷണ റിപ്പോർട്ടിൽ പറയുന്നു. ചൈനയ്ക്കും, ഇൻഡൊനേഷ്യക്കുമൊപ്പമാണ് ഇന്ന് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ സ്ഥാനം. 2025 ൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ നാല് ട്രില്യൺ ഡോളറായെന്നും, നാലു വർഷം കൊണ്ടാണ് ഈ നേട്ടമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

✪✪✪

സംസ്ഥാന ഭിന്നശേഷി കാർണിവൽ - 'സവിശേഷ Carnival of the Different' സർഗ്ഗോത്സവം തിരുവനന്തപുരത്ത് മന്ത്രി ഡോ. R ബിന്ദു ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. ടാഗോർ തീയേറ്ററിൽ ഭിന്നശേഷി അവാർഡുകളും മന്ത്രി വിതരണം ചെയ്യും. സമാപന സമ്മേളനം ബുധനാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നാളെ വഴുതക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ ഭിന്നശേഷിക്കാർക്ക് ജോബ് ഫെസ്റ്റും സംഘടിപ്പിക്കും.

✪✪✪

നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ കോഴിക്കോട് NITയിൽ സംഘടിപിക്കുന്ന NEP 2020 നാഷണൽ കോൺ ക്ലേവ് 2026 തുടങ്ങി. ഉച്ചക്ക് ശേഷം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവഹിക്കും.

✪✪✪

മകരവിളക്ക്  കാലത്തിന് സമാപനംകുറിച്ച് ശബരിമല നട നാളെ അടയ്ക്കും. ഇന്ന് നടയടയ്ക്കും വരെ മാത്രമാണ് തീർഥാടകർക്ക് ദർശനം. മാളികപ്പുറത്ത് ഗുരുതി പൂജ ഇന്ന്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ....

........(വോയ്സ് )..........

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യാപേക്ഷ  വിധി പറയാൻ കൊല്ലം വിജിലൻസ് കോടതി നാളത്തേക്ക് മാറ്റി. ദ്വാരപാലകകേസിൽ അറസ്റ്റിലായി 90 ദിവസംകഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ  പോറ്റിക്ക് നാളെ ജാമ്യം ലഭിച്ചേക്കുമെന്നാണ് കരുതുന്നത്.  എന്നാൽ കട്ടിളപ്പാളി കേസിൽ റിമാൻഡിൽ തുടരുന്നതിനാൽ ഉണ്ണികൃഷ്ണൻ പോറ്റിക്ക് ജയിൽ മോചിതനാകാനാകില്ല.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ N വാസുവിന്റെ റിമാൻഡ്  കാലാവധി അടുത്തമാസം രണ്ട് വരെ നീട്ടി.  റിമാൻഡ് കാലാവധി അവസാനിച്ച സാഹചര്യത്തിൽ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കിയ വാസുവിനെ 14 ദിവസത്തേയ്ക്കാണ്  റിമാൻഡ് ചെയ്തത്.  തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റായിരുന്ന വാസു, കട്ടിളപ്പാളി കേസിലാണ് പ്രതിയായത്.

✪✪✪

സ്വർണ്ണ വില വർധിച്ചു. പവന് 1,400 രൂപ ഉയർന്ന് ഒരു ലക്ഷത്തി 6,840 ലെത്തി. 13,355 രൂപയാണ് ഗ്രാമിന്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് നേടിയ കണ്ണൂർ ജില്ലാ ടീമിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്ന് സ്വീകരണം നൽകും. ഉച്ചയ്ക്ക്  കണ്ണൂർ ജില്ലാ അതിർത്തിയായ മാഹിയിൽ നിന്ന് ടീമിനെ സ്വീകരിച്ച് കണ്ണൂർ ടൗൺ സ്ക്വയറിൽ എത്തിക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി,

ജനപ്രതിനിധികൾ, സാമൂഹിക - സാംസ്കാരിക- രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ബ്രോഡ് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് പ്രത്യേക അലവൻസ് നൽകി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. അസോസിയേറ്റ് പ്രൊഫസറായി പ്ലേസ്മെന്റ് ലഭിക്കാത്തവർക്കാണ് പ്രത്യേക അലവൻസ് നൽകുന്നത്. 2016 ജനുവരി മുതൽ 2025 ഡിസംബർ വരെ നിയമനം ലഭിച്ചവർക്ക് മുൻകാല പ്രാബല്യമില്ലാതെയാണ് സ്പെഷ്യൽ അലവൻസ് അനുവദിച്ചത്.

✪✪✪

വയനാട് മീനങ്ങാടിയിൽ നാല് കിലോ കഞ്ചാവുമായി രണ്ടു പേരെ excise enforcement & anti narcotics special squad പിടികൂടി. കൃഷ്ണഗിരി മേപ്പേരിക്കുന്ന് ഭാഗത്തെ വീട്ടിൽ നിന്നാണ് കഞ്ചാവ് കണ്ടെടുത്തത്. ചേളാരി സ്വദേശി മുഹമ്മദ് ലഹനാസ്, മീനങ്ങാടി സ്വദേശി മുഹമ്മദ് റാഷിദ് എന്നിവരാണ് അറസ്റ്റിലായത്. തമിഴ്നാട് സ്വദേശിയായ ഒരാൾ ഓടി രക്ഷപ്പെട്ടു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:ശ്രീജി പൂവത്തിങ്കൽ*
*NRTs: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO : ഷീബ*